IT
VOL-II

# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2295 — 18/06/2014-ൽ മറുപടിക്ക്

## ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകൾ

**ചോദ്യം** — **മറുപടി**

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ഗവൺമെന്റ് തലത്തിൽ എത്ര സാന്ത്വന പരിചരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; | (എ) | സാന്ത്വന പരിചരണ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളിലും, ജനറൽ ആശുപത്രികളിലും, തെരഞ്ഞെടുത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമായി 95 (തൊണ്ണൂറ്റി അഞ്ച്) സെക്കന്ററി കെയർ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകൾ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ; | (ബി) | സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകൾ ഗ്രാമ പ്രദേശങ്ങളിൽ `ഹോംകെയറും' (ഗൃഹ സന്ദർശന പരിചരണം) താലൂക്ക് ജില്ലാ ആശുപത്രികളിൽ സെക്കന്റഡറി കെയറുമാണ് നൽകി വരുന്നത്. കത്തീറ്റർ മാറ്റുക, മുറിവ്, വൃണം വൃത്തിയാക്കുക, റൈൽസ് ട്യൂബ് മാറ്റുക, ശയ്യാവലംബരായ രോഗികൾക്ക് മരുന്നും പരിചരണവും ഭവനങ്ങളിൽ പോയി നൽകുക എന്നതാണ് ഹോംകെയർ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത സേവനങ്ങൾക്കു പുറമേ, വിദഗ്ദരുടെ സേവനം ആശുപത്രികളിൽ വച്ച് നൽകുന്നതാണ് സെക്കൻഡറി കെയർ. |
| (സി) | ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്ന എത്ര സാന്ത്വന പരിചരണ യൂണിറ്റുകൾക്ക് സ്വന്തമായി വാഹനം ലഭ്യമാക്കിയിട്ടുണ്ട് ; | (സി) | സാന്ത്വന പരിചരണ യൂണിറ്റുകൾക്ക് സ്വന്തമായി ആരോഗ്യ വകുപ്പിൽ നിന്നും വാഹനങ്ങൾ അനുവദിച്ചിട്ടില്ല. എന്നാൽ പഞ്ചായത്ത്, എം.എൽ.എ, എം.പി. ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങിയ വാഹനങ്ങൾ, സ്പോൺസർ ചെയ്ത് കിട്ടിയ വാഹനങ്ങൾ എന്നിവ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് ടി ആവശ്യത്തിലേയ്ക്കായി ആശുപത്രികളിൽ ഉപയോഗിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സാന്ത്വന പരിചരണ രംഗത്ത് മാത്രമായി പ്രവർത്തിക്കുന്നതിന് എത്ര മെഡിക്കൽ ഓഫീസർമാരുടെയും എത്ര പാരാ മെഡിക്കൽ ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട് ; | (ഡി) | സംസ്ഥാനത്ത് ഹോംകെയർ സാന്ത്വന പരിചരണ പരിശീലനം ലഭിച്ച 1038 (ആയിരത്തി മുപ്പത്തി എട്ട്) കമ്മ്യൂണിറ്റി ഹെൽത്ത് നേഴ്സുമാർ നിലവിലുണ്ട്. സെക്കന്ററി കെയർ പരിശീലനം ലഭിച്ച 117 (നൂറ്റിപ്പതിനേഴ്) സ്റ്റാഫ് നേഴ്സുമാർ വിവിധ ആശുപത്രികളിലായി സേവനം നടത്തി വരുന്നു. ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഇരുന്നൂറിലേറെ ഡോക്ടർമാർക്ക് പാലിയേറ്റിവ് കെയറിന്റെ ബേസിക്ക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. 50 ശതമാനത്തിലേറെ ഡോക്ടർമാർക്ക് പാലിയേറ്റിവ് കെയർ ട്രയിനിംഗ് ലഭിച്ചിട്ടുള്ളതുമാണ്. |
| (ഇ) | സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികൾക്കാവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു ; ഈ സാമ്പത്തിക വർഷം എത്ര തുക നീക്കി വച്ചു ? | (ഇ) | കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിനത്തിൽ പാലിയേറ്റീവ് കെയറിന് 50 ലക്ഷം രൂപയും, പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കീഴിൽ പാലിയേറ്റീവ് കെയർ വാർഡുകൾ നിർമ്മിക്കുന്നതിന് 100 (നൂറ്) ലക്ഷം രൂപ.യും അനുവദിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം 36 ലക്ഷം (മുപ്പത്തിയാറ് ലക്ഷം) രൂപ നീക്കി വച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ